**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2809** **12-07-2022 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിന് കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിയിൽ ഉണ്ടാകുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി കിഫ്ബിയുടെ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. വനാതിർത്തിയിലുണ്ടാകുന്ന മനുഷ്യ-മൃഗസംഘർഷങ്ങൾ തടയുന്നതിനായി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബിയുടെ സഹായത്തോടെ രണ്ടു ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 101.50 കി.മീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ 0.41 കിലോ മീറ്റർ ദീരത്തിൽ ആന പ്രതിരോധമതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും, 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് പ്രവർത്തികൾ നടത്തുന്നതിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.<br><br>രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കിലോ മീറ്റർ ദൂത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനം ഡിവിഷനു കീഴിൽ 0.30 കിലോ മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.45 കോടി രൂപയും, നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കിലോ മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് നിർമ്മാണത്തിനായി 24 കോടി രൂപയും കൂടാതെ തിരുവനന്തപുരം, സൗത്ത് വയനാട്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ |

| | | | |
|---|---|---|---|
| | | | വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ പൂർണ്ണസമ്മതത്തോടുകൂടി മാറ്റിപാർപ്പിക്കൽ പദ്ധതിക്കായി 75.15 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന കർഷർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി മുഖേന വന്യജീവികൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിപാരം നൽകുന്നില്ല. എന്നാൽ തിരുവനന്തപുരം, സൗത്ത് വയനാട്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന കർഷകരടക്കമുള്ള ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം (ഒരു അർഹതപ്പെട്ട കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ) നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ കിഫ്ബി Phase-II പദ്ധതിയിലൂടെ 75.15 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ